**<u>15 -ാം കേരള നിയമസഭ</u>**

**<u>6 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1756</u>** **<u>31-08-2022 - ൽ മറുപടിയ്ക്ക്</u>**

**<u>സർവ്വകലാശാലയിലെ അനധികൃത നിയമനം</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സർവ്വകലാശാലകളുടെ സ്റ്റാറ്റ്യൂട്ട്/ഓർഡിനൻസിൽ ഉൾപ്പെടാത്തതും സർക്കാർ അംഗീകാരം നൽകാത്തതുമായ തസ്തികകളിൽ താല്കാലിക നിയമനം നടത്താൻ സർവകലാശാല സിൻഡിക്കേറ്റിനോ /വൈസ്-ചാൻസലർക്കോ അധികാരമുണ്ടോ; | (എ) | ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല യിൽ അവശ്യം വേണ്ട ഐ.റ്റി. ഓഫീസേഴ്സ്, മറ്റ് സാങ്കേതിക തസ്തികകൾ എന്നിവ താത്കാലികമായി സിൻഡിക്കേറ്റ് സൃഷ്ടി ക്കുകയും ടി തസ്തികകളിൽ 89 ദിവസക്കാലയളവിലേക്ക് നിയമനം നൽകാറുമുണ്ട്.<br><br>കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽ അടിയന്തര ഘട്ടങ്ങളിൽ ആവശ്യമായ അധ്യാപക അനധ്യാപക തസ്തികകൾ സൃഷ്ടിക്ക വാനുള്ള അധികാരം കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല സിൻഡിക്കേറ്റിനുണ്ട്.<br><br>എ.പി.ജെ.അബ്ദുൾകലാം സാങ്കേതികശാസ്ത്ര സർവകലാശാലയിൽ അടിയന്തരവും സമയ ബന്ധിതവുമായി തീർക്കേണ്ട ജോലികൾക്കായി 179 ദിവസത്തേക്ക് സർവകലാശാല സിൻഡിക്കേറ്റ് തീരുമാന പ്രകാരം താത്കാലിക നിയമനം നടത്തിയിട്ടുണ്ട്.<br><br>മലയാള സർവകലാശാലയിൽ സർവകലാ ശാലയുടെ ദൈനംദിന ഭരണ നിർവഹണത്തിനാവശ്യമായി വരുന്ന തസ്തികകളിൽ താത്കാലികാടിസ്ഥാനത്തിൽ ജീവനക്കാരെ നിയോഗിക്കുന്നതിന് വൈസ് ചാൻസലർക്ക് അധികാരമുണ്ട്.<br><br>കാലിക്കറ്റ് സർവകലാശാലയിൽ അടിയന്തര സാഹചര്യങ്ങളിൽ സർവകലാശാല താത്പര്യം സംരക്ഷിക്കുന്നതിനായി 180 ദിവസങ്ങളിൽ കൂടാത്ത താൽക്കാലിക നിയമനം നടത്തുന്നതിന് സർവകലാശാലയ്ക്ക് അധികാരമുണ്ട്. അധ്യാപകരേയും മറ്റ് ജീവനക്കാരേയും നിയമിക്കുന്നതിനും ചുമതലകൾ നിർണയിക്കുന്നതിനും, അഡ്മിനിസ്ട്രേറ്റീവ്, |

| | | | |
|---|---|---|---|
| | | | മിനിസ്റ്റീരിയൽ, മറ്റ് അത്യാവശ്യ തസ്തികകൾ സൃഷ്ടിക്കുന്നതിനും സർവ്വകലാശാല സിണ്ടിക്കേറ്റിന് അധികാരമുണ്ട്. |
| (ബി) | കാലിക്കറ്റ് സർവകലാശാല സ്റ്റാറ്റ്യൂട്ട്/ഓർഡിനൻസ് പ്രകാരം വയനാട് ജില്ലയിലെ ഐ.റ്റി.എസ്.ആർ. എന്ന സ്ഥാപനത്തിൽ അസിസ്റ്റന്റ് ഡയറക്ടറുടെ തസ്തിക നിലവിലുണ്ടോ; | (ബി) | വയനാട് ജില്ലയിലെ ഐ.റ്റി.എസ്.ആർ. എന്ന സ്ഥാപനത്തിൽ അസിസ്റ്റന്റ് ഡയറക്ടറുടെ സ്ഥിര തസ്തിക ഇല്ല. |
| (സി) | സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങാതെയും, വിജ്ഞാപനം ഇറക്കാതെയും സർവ്വകലാശാല വൈസ്-ചാൻസലർ, അസിസ്റ്റന്റ് ഡയറക്ടർ എന്ന തസ്തികയിൽ കരാർ നിയമനം നടത്തിയിട്ടുണ്ടോ; ഇത്തരത്തിൽ സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങാതെയുള്ള നിയമനം പരിശോധിക്കുമോ; | (സി) | അടിയന്തര സാഹചര്യങ്ങളിൽ സർവകലാശാല താത്പര്യം സംരക്ഷിക്കുന്നതിനായി താത്കാലിക നിയമനം നടത്താൻ സർവകലാശാലയ്ക്ക് അധികാരമുണ്ട്. അഡ്മിനിസ്ട്രേറ്റീവ് മിനിസ്റ്റീരിയൽ മറ്റ് അത്യാവശ്യ തസ്തികകൾ സൃഷ്ടിക്കുന്നതിനായി സർവകലാശാല സിണ്ടിക്കേറ്റിന് അധികാരമുണ്ട്. |
| (ഡി) | സ്റ്റാറ്റ്യൂട്ട്/ഓർഡിനൻസിൽ ഉൾപ്പെടാത്തതും സർക്കാർ അനുമതി നൽകാത്തതുമായ ലെയ്സൺ ഓഫീസർ തസ്തികയിൽ വിജ്ഞാപനമിറക്കാതെ കാലിക്കറ്റ് സർവകലാശാല വൈസ്-ചാൻസലർ കരാർ നിയമനം നടത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (ഡി) | ഗവൺമെന്റ് സെക്രട്ടറിയേറ്റ്, രാജ്ഭവൻ, തിരുവനന്തപുരത്തെ മറ്റ് സർക്കാർ ഓഫീസുകൾ എന്നിവിടങ്ങളിൽ അടിയന്തിര ഇടപെടലുകൾ നടത്തുന്നതിനായി ഒരു ലെയ്സൺ ഓഫീസറെ നിയമിച്ചിട്ടുണ്ട്. ശ്രീ ശങ്കരാചാര്യ യൂണിവേഴ്സിറ്റി കാലടി, കണ്ണൂർ യൂണിവേഴ്സിറ്റി, തുഞ്ചത്തെഴുത്തച്ഛൻ മലയാളം യൂണിവേഴ്സിറ്റി എന്നിവിടങ്ങളിൽ ലെയ്സൺ ഓഫീസറായി സേവനം അനുഷ്ഠിക്കുന്നതിൽ അദ്ദേഹത്തിന്റെ വൈദഗ്ദ്യവും പരിചയവും പരിഗണിച്ചാണ് പ്രസ്തുത നിയമനം നടത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

1. ക്യൂട്ടെക്, കാലിക്കറ്റ്
2. ക്യൂട്ടെക്, വടക്കര
3. ക്യൂട്ടെക്, കണിയാമ്പറ്റ, വയനാട്
4. ക്യൂട്ടെക്, ചക്കിട്ടപാറ, കോഴിക്കോട്
5. ക്യൂട്ടെക്, സുൽത്താൻബത്തേരി, വയനാട്
6. ക്യൂട്ടെക്, മഞ്ചേരി
7. ക്യൂട്ടെക്, മലപ്പുറം
8. ക്യൂട്ടെക്, കൊട്ടുവായൂർ, പാലക്കാട്
9. ക്യൂട്ടെക്, അരണാട്ടുകര, തൃശ്ശൂർ
10. ക്യൂട്ടെക്, വലപ്പാട്, തൃശ്ശൂർ
11. ക്യൂട്ടെക്, നാട്ടിക (ചാലക്കുടി), തൃശ്ശൂർ

കൂടാതെ ഹിന്ദി പ്രചാര കേന്ദ്ര കോളേജ് ഓഫ് എഡ്യൂക്കേഷൻ, കൊടുങ്ങല്ലൂർ, തൃശ്ശൂർ എന്ന സ്ഥാപനത്തിന്റെ അംഗീകാരം ഉത്തരവ് NCTE പിൻവലിച്ചതിനെതിരെ പ്രസ്തുത കോളേജ് ഒരു ഇടക്കാല ഉത്തരവ് നേടിയിട്ടുണ്ട്. ഇനിയൊരു ഉത്തരവ് ഉണ്ടാകുന്നതു വരെ അംഗീകാരം ഉത്തരവ് പിൻവലിച്ചത് സ്റ്റേ ചെയ്യു എന്നതാണ് ഇടക്കാല ഉത്തരവിൻ ഉള്ളത്.

**സെക്ഷൻ ഓഫീസർ**